# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3749 – 21/06/2018 -ലെ മറുപടിക്ക്

## ബാങ്കധികൃതർ ഗുണഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്നതായ പരാതി

ചോദ്യം | ഉത്തരം

ശ്രീ. ആന്റണി ജോൺ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസവായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിൽ വിവിധ ബാങ്കധികൃതർ ഗുണഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | വിദ്യാഭ്യാസവായ്പ തിരിച്ചടവ് സഹായ പദ്ധതിയുമായി ബന്ധപ്പെട്ട് ബാങ്കുകളുടെ ഭാഗത്തു നിന്നും പോരായ്മകൾ ഉള്ളതായി വിവരം ലഭിക്കുന്ന മുറയ്ക്ക് എസ്.എൽ.ബി.സി -യുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടും നേരിട്ടുള്ള ഇടപെടലിലൂടെയും പരിഹരിച്ചു വരുന്നുണ്ട്. |
| ബി | കോതമംഗലം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ബ്രാഞ്ചിൽ നിന്നും വായ്പ എടുത്തിട്ടുള്ള ഇരമല്ലൂർ ചിറപ്പുറത്ത് വീട്ടിൽ അശ്വതി.സി.യു എന്നയാളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | കോതമംഗലം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ബ്രാഞ്ചിൽ നിന്നും വിദ്യാഭ്യാസവായ്പ തിരിച്ചടവ് സഹായ പദ്ധതിയ്ക്കു കീഴിൽ അപേക്ഷ നൽകിയിട്ടുള്ള അശ്വനി. സി. യു എന്നയാളുടെ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം ആയത് പരിശോധിക്കാനും ടിയാളുടെ അപേക്ഷ വിദ്യാഭ്യാസവായ്പ തിരിച്ചടവ് സഹായ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം പരിശോധിച്ച് നടപടി സ്വീകരിക്കാനും ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി | ഉണ്ടെങ്കിൽ പരാതിയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ